21
2022
ജനുവരി
വെള്ളി
മകരം 7

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 225 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-225 പേജ് 4, വില 2.00 രൂപ






02 കോവിഡ് 19: ആശുപത്രി ഡിസ്ചാർജ് പോളിസി പുതുക്കി

03 കപ്പിൾ മീറ്റ്: സൈബർ സംഘത്തെയും വട്ടം ചുറ്റിച്ച് ഫേക്ക് ഐഡികൾ

04 ആദിവാസി പെൺകുട്ടികളുടെ മരണം: ശക്തമായ നടപടി ഉണ്ടാകുമെന്ന് റൂറൽ എസ്പി


# ലോക്ഡൗണിന് സമാനമായ നിയന്ത്രണം; നൈറ്റ് കർഫ്യു ഇല്ല

തിരുവനന്തപുരം: കോവിഡ് വ്യാപനം രൂക്ഷമാകുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നിയന്ത്രണങ്ങൾ കടുപ്പിക്കുന്നു. അടുത്ത രണ്ട് ഞായറാഴ്ചകളിൽ ലോക്ക്ഡൗണിന് സമാനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കോവിഡ് അവലോകന യോഗത്തിൻറേതാണ് തീരുമാനം.

ജനുവരി 23, 30 തീയതികളിലാണ് നിയന്ത്രണം. ഈ ഞായറാഴ്ചകളിൽ അത്യാവശ്യകാര്യങ്ങൾക്ക് വേണ്ടിയുള്ളവർക്ക് മാത്രമേ പുറത്തിറങ്ങാനാകു. എന്നാൽ ഈ ദിവസങ്ങളിൽ കെഎസ്ആർടിസി സർവീസ് നടത്തും.

ബിരുദബിരുദാനന്തര തലത്തിലെ ഫൈനൽ ഇയർ ക്ലാസുകളും, പത്ത്, പന്ത്രണ്ട് ക്ലാസുകളും ഒഴികെയുള്ള എല്ലാ ക്ലാസുകളും (ട്യൂഷൻ സെൻററുകൾ ഉൾപ്പെടെ) ഓൺലൈൻ സംവിധാനത്തിലൂടെ മാത്രമേ അനുവദിക്കൂ. റസിഡൻഷ്യൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ബയോ ബബിൾ മാതൃകയിൽ പ്രവർത്തിക്കുകയാണെങ്കിൽ ഇത് ബാധകമല്ല.

സർക്കാർ / സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന രണ്ടു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുള്ള അമ്മമാർ, കാൻസർ രോഗികൾ, തീവ്ര രോഗബാധിതർ എന്നിവർക്ക് വർക്ക് ഫ്രം ഹോം സംവിധാനത്തിലൂടെ ജോലി ചെയ്യാം. രോഗമുള്ളവർ ഡോക്ടർമാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

വ്യാപാരസ്ഥാപനങ്ങൾ, മാളുകൾ, ബീച്ചുകൾ, തീം പാർക്കുകൾ ഉൾപ്പെടെയുള്ള വിനോദസഞ്ചാരകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ആൾക്കൂട്ടം ഉണ്ടാവുന്നില്ലെന്നും കോവിഡ് മാനദണ്ഡം കൃത്യമായി പാലിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. ഇവിടങ്ങളിൽ നിശ്ചിത മീറ്ററിനകത്ത് സാനിറ്റൈസർ ലഭ്യമാക്കണം.



നിലവിലെ കോവിഡ് സാഹചര്യത്തിൽ ആശുപത്രികളിൽ അഡ്മിറ്റ് ആകുന്നവരുടെ എണ്ണം കണക്കാക്കി ജില്ലാടിസ്ഥാനത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ആരോഗ്യവകുപ്പ് ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്ക് എല്ലാ വ്യാഴാഴ്ചകളിലും നൽകേണ്ടതാണ്. ഇതിനെ അടിസ്ഥാനപ്പെടുത്തി ദുരന്തനിവാരണ അതോറിറ്റി ജില്ലകളെ എ, ബി, സി എന്നിങ്ങനെ മൂന്നായി തിരിക്കും. എല്ലാ വെള്ളിയാഴ്ചകളിലും ദുരന്തനിവാരണ അതോറിറ്റി ഇത് പ്രഖ്യാപിക്കും.

എ കാറ്റഗറിയിൽ സാമൂഹ്യ, സാംസ്കാരിക, മതസാമുദായിക, രാഷ്ട്രീയ, പൊതു പരിപാടികൾക്കും വിവാഹം, മരണാനന്തര ചടങ്ങുകൾക്കും പരമാവധി 50 പേർക്ക് പങ്കെടുക്കാവുന്നതാണ്.ബി കാറ്റഗറിയിൽ സാമൂഹ്യ, സാംസ്കാരിക, മത, സാമുദായിക, രാഷ്ട്രീയ, പൊതു പരിപാടികൾ ഒന്നും തന്നെ അനുവദിക്കില്ല. മതപരമായ ആരാധനകൾ ഓൺലൈൻ ആയി മാത്രം നടത്തേണ്ടതാണ്.

വിവാഹം, മരണാനന്തര ചടങ്ങുകൾക്ക് പരമാവധി 20 ആളുകളെ മാത്രമേ അനുവദിക്കൂ.സി കാറ്റഗറിയിൽ സാമൂഹ്യ, സാംസ്കാരിക, മത, രാഷ്ട്രീയ, സാമുദായിക, രാഷ്ട്രീയ, പൊതു പരിപാടികൾ ഒന്നും തന്നെ അനുവദിക്കില്ല.

മതപരമായ ആരാധനകൾ ഓൺലൈൻ ആയി മാത്രം നടത്തേണ്ടതാണ്. വിവാഹം, മരണാനന്തര ചടങ്ങുകൾക്ക് പരമാവധി 20 ആളുകളെ മാത്രമേ അനുവദിക്കൂ. സിനിമ തീയേറ്ററുകൾ, സ്വിമ്മിംഗ് പൂളുകൾ, ജിമ്മുകൾ എന്നിവയുടെ പ്രവർത്തനം അനുവദിക്കില്ല.

ഇന്നത്തെ നില പ്രകാരം എറണാകുളം, ആലപ്പുഴ, കൊല്ലം ജില്ലകളാണ് എ കാറ്റഗറിയിൽ വരുന്നത്. പാലക്കാട്, ഇടുക്കി, തിരുവനന്തപുരം, പത്തനംതിട്ട, വയനാട് ജില്ലകളാണ് ബി കാറ്റഗറിയിൽ. സി കാറ്റഗറിയിൽ വരുന്ന ജില്ലകൾ ഇപ്പോൾ ഇല്ല.

പുതിയ വകഭേദമായ ഒമിക്രോൺ അതി വേഗതയിലാണ് വ്യാപിക്കുന്നതെന്നതിനാൽ സംസ്ഥാനത്താകെ നല്ല ജാഗ്രത ഉണ്ടാകേണ്ടതുണ്ട്. രോഗബാധിതർ കൂടുതലും വീടുകളിലാണ് എന്നതിനാൽ ടെലിമെഡിസിൻ വ്യാപകമാക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകും.

വീടുകളിൽ കഴിയുന്നവർക്ക് ഗൃഹ പരിചരണം ഉറപ്പുവരുത്താൻ ആരോഗ്യപ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. വാർഡ്തല സമിതികൾ വീടുകൾ കേന്ദ്രീകരിച്ച് രോഗികളുടെ സൗകര്യങ്ങൾ ഉറപ്പാക്കും.

മെഡിക്കൽ കോളേജ് ആശുപത്രികളിൽ പ്രവേശിപ്പിക്കുന്നതിന് കൃത്യമായ മാനദണ്ഡം നിശ്ചയിക്കും. റഫർ ചെയ്യുന്ന ഗുരുതര രോഗാവസ്ഥയിലുള്ളവരെ മാത്രമേ മെഡിക്കൽ കോളേജുകളിൽ പ്രവേശിപ്പിക്കുകയുള്ളു. അവിടെ ഗുരുതര അവസ്ഥയിൽ എത്തുന്നവരെ മുതിർന്ന ഡോക്ടർമാർ കൂടി പരിശോധിക്കുന്ന നില ഉറപ്പു വരുത്തും.

നേരത്തെ കോവിഡ് ബ്രിഗേഡിൽ സേവനമനുഷ്ഠിച്ചവരെ ആവശ്യാനുസരണം നിയമിക്കാൻ ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകി. സ്വകാര്യ ആശുപത്രികളുടെ സഹകരണം ഉറപ്പു വരുത്തും. 108 ആംബുലൻസുകളുടെ ഉപയോഗം മികച്ച രീതിയിൽ നടപ്പാക്കും.

പ്രാഥമിക സമ്പർക്ക പട്ടികയിൽപെട്ടവർക്ക് നൽകുന്ന ഏഴു ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുകയില്ല. സ്പെഷൽ സ്കൂളുകൾ അടച്ചിടേണ്ടതില്ല. അവിടെ ക്ലസ്റ്റർ രൂപപ്പെട്ടാൽ മാത്രം അടച്ചാൽ മതിയാകും. കോവിഡിതര രോഗികളുടെ കാര്യത്തിൽ കൃത്യമായ ക്രമീകരണം ഉണ്ടാക്കും. സെക്രട്ടറിയേറ്റിൽ കോവിഡ് വാർ റൂം പ്രവർത്തിക്കും.

ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുമ്പോൾ അധ്യാപകർ സ്കൂളിൽ തന്നെ ഉണ്ടാകണം. അധ്യയനവർഷത്തിന്റെ അവസാനഘട്ടമായതിനാൽ ഇത് പ്രധാനമാണ്. ജില്ലകളുടെ ആവശ്യമനുസരിച്ച് കരുതൽ വാസകേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.

മരുന്നുകൾക്കും ടെസ്റ്റിംഗ് കിറ്റുകൾക്കും ദൗർലഭ്യം ഉണ്ടാവാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കും. ക്ലസ്റ്ററുകൾ രൂപപ്പെടുന്ന സ്ഥലങ്ങളിൽ സെക്ടറൽ മജിസ്ട്രേറ്റ്മാരെ നിയോഗിക്കാം. നിർമ്മാണപ്രവർത്തനങ്ങൾ സാമൂഹ്യ അകലം പാലിച്ച് നടത്താം. കൂട്ടമായി ഇരുന്ന് ഭക്ഷണം കഴിക്കുമ്പോൾ രോഗം പകരാതിരിക്കാൻ കോവിഡ് മാനദണ്ഡമനുസരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ വരുത്തണം. എന്നാൽ കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിന് തടസ്സം നിൽക്കേണ്ടതില്ല.

ജില്ലകളിൽ അതത് മേഖലകളുടെ സവിശേഷ സാഹചര്യങ്ങൾക്കനുസൃതമായി നിയന്ത്രണങ്ങൾ വരുത്താൻ ജില്ലാ കലക്ടർമാർക്ക് അധികാരം നൽകി. ചീഫ് സെക്രട്ടറിയുമായി ആലോചിച്ച് കലക്ടർമാർക്ക് ഇക്കാര്യം തീരുമാനിക്കാവുന്നതാണ്. ഡിസാസ്റ്റർ മാനേജ്മെൻറ് ഫണ്ടിൽനിന്ന് 22 കോടി രൂപ ജില്ലകൾക്ക് അനുവദിച്ചുവെന്നും മുഖ്യമന്ത്രി അറിയിച്ചു.

# കേരളത്തിൻെറ ടാബ്ലോ ഉൾപ്പെടുത്താത്ത നടപടി; പ്രധാനമന്ത്രിക്ക് മുഖ്യമന്ത്രിയുടെ കത്ത്

തിരുവനന്തപുരം: റിപ്പബ്ലിക് ദിന പരേഡിൽ കേരളത്തിൻറെ ടാബ്ലോ ഉൾപ്പെടുത്താത്ത കേന്ദ്രസർക്കാർ നടപടി തിരുത്തണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്തയച്ചു. കാലികപ്രസക്തവും വളരെയധികം സാമൂഹിക പ്രാധാന്യവുമുള്ള പ്രമേയമാണ് കേരളത്തിൻറെ ടാബ്ലോ അവതരിപ്പിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

മനുഷ്യർക്കിടയിൽ വിഭജനങ്ങൾക്ക് കാരണമായ ജാതിചിന്തകൾക്കും അനാചാരങ്ങൾക്കും വർഗീയവാദങ്ങൾക്കുമെതിരെ അദേഹം പകർന്ന മാനവികതയുടേയും സാഹോദര്യത്തിൻറെയും ആശയങ്ങൾ കൂടുതൽ ആളുകളിൽ എത്താനുള്ള അവസരമാണ് നിഷേധിക്കപ്പെട്ടിരിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

കേരളം മാത്രമല്ല, രാജ്യം തന്നെ കണ്ട മഹാനായ സാമൂഹ്യ പരിഷ്കർത്താവും തത്വചിന്തകനുമായ ശ്രീനാരായണ ഗുരുവിൻറെ സന്ദേശം ഉയർത്തിപ്പിടിക്കുന്ന ടാബ്ലോ അനുവദിക്കാതിരുന്നത് ദൗർഭാഗ്യകരവും പ്രതിഷേധാർഹവുമാണ്. നടപടി തിരുത്തണമെന്ന് ശക്തമായി ആവശ്യപ്പെടുകയും ചെയ്തുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

# രവീന്ദ്രൻ പട്ടയങ്ങൾ റദ്ദാക്കുന്നതിൻെറ പേരിൽ ആരെയും കുടിയിറക്കില്ല: റവന്യു മന്ത്രി

തിരുവനന്തപുരം: രവീന്ദ്രൻ പട്ടയങ്ങൾ റദ്ദാക്കുന്നതിൻറെ പേരിൽ ആരെയും കുടിയിറക്കില്ലെന്ന് റവന്യു മന്ത്രി കെ. രാജൻ. രവീന്ദ്രൻ പട്ടയങ്ങൾ തിരിച്ചുവാങ്ങി അർഹരായവർക്ക് സാധുതയുള്ള പുതിയ പട്ടയങ്ങൾ നൽകുക മാത്രമാണ് ഇതുകൊണ്ട് ഉദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ഇത് ഇപ്പോഴത്തെ തീരുമാനമല്ല. മുൻ സർക്കാരിൻറെ കാലത്താണ് രവീന്ദ്രൻ പട്ടയങ്ങൾ റദ്ദാക്കാൻ തീരുമാനിച്ചത്. 2019 ജൂണിൽ റവന്യൂ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം ഉണ്ടായത്. ഓഗസ്റ്റിൽ ചേർന്ന മന്ത്രിസഭാ യോഗം ഇതിന് അംഗീകാരം നൽകി.

അർഹതയുള്ളവർക്ക് പുതിയ പട്ടയം നൽകും. അർഹതയില്ലാത്തത് റദ്ദാക്കും. മൂന്നാറിലെ സിപിഎം ഓഫീസിന് പട്ടയത്തിന് അർഹതയുള്ളത് കൊണ്ടാകും അത് പതിച്ച് കൊടുത്തത്. അതുമായി ബന്ധപ്പെട്ട് അനാവശ്യ വിവാദമുണ്ടാക്കേണ്ട.

നിലവിൽ രവീന്ദ്രൻ പട്ടയങ്ങൾ ലഭിച്ചവർക്ക് ഭൂമി വിൽക്കുവാനോ വായ്പ എടുക്കുവാനോ കഴിയാത്ത അവസ്ഥയാണ്. നികുതി പോലും അടയ്ക്കാൻ കഴിയുന്നില്ല.

നടപടിക്രമങ്ങളുടെ വീഴ്ച മൂലം ഒരു ഉപകാരവുമില്ലാതെ വലിയ വിഭാഗം ആളുകളുടെ കൈയിൽ ഇരിക്കുന്ന പട്ടയം റദ്ദാക്കി പുതിയ പട്ടയം നൽകാനുള്ള നടപടികളാണ് തുടരുന്നത്.

യഥാർഥ അർഹതയുള്ളവർക്ക് പുതിയ പട്ടയം നൽകും. ഇതിലൂടെ അവരെ സഹായിക്കുകയാണ് ചെയ്യുന്നതെന്നും മന്ത്രി പറഞ്ഞു.

# സിൽവർലൈൻ വിശദീകരണ യോഗത്തിനിടെ സംഘർഷം; യൂത്ത് കോൺഗ്രസുകാർക്ക് മർദനം

കണ്ണൂർ: സിൽവർലൈൻ വിശദീകരണ യോഗത്തിനിടെയുണ്ടായ സംഘർഷത്തിൽ യൂത്ത് കോൺഗ്രസുകാർക്ക് മർദനം. കണ്ണൂരിൽ മന്ത്രി എം.വി. ഗോവിന്ദൻ പങ്കെടുത്ത യോഗത്തിലേക്ക് തള്ളിക്കയറാൻ ശ്രമിച്ച യൂത്ത് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡൻറ് റിജിൽ മാക്കുറ്റി ഉൾപ്പടെയുള്ളവരെ പോലീസ് കസ്റ്റഡിയിലെടുത്തു.

വിശദീകരണയോഗം നടന്ന ഓഡിറ്റോറിയത്തിലേക്ക് എം.വി. ഗോവിന്ദൻ പ്രസംഗിക്കുന്നതിനിടെയാണ് യൂത്ത് കോൺഗ്രസുകാർ തള്ളിക്കയറിയത്. ഇതോടെ വേദിയിലുണ്ടായിരുന്ന ഡിവൈഎഫ്ഐ പ്രവർത്തകർ ഇവരെ നേരിടുകയായിരുന്നു. ഇതോടെയാണ് സംഭവത്തിൽ പോലീസ് ഇടപെട്ടത്. സംഭവത്തിൽ റിജിൽ മാക്കുറ്റി ഉൾപ്പെടെയുള്ള ആറ് യൂത്ത് കോൺഗ്രസുകാരെ പോലീസ് കസ്റ്റഡിയിലെടുത്തു. അതേസമയം, യൂത്ത്കോൺഗ്രസുകാർക്ക് നേരെയുണ്ടായ ആക്രമത്തിൽ പ്രതിഷേധവുമായി ഷാഫി പറമ്പിൽ രംഗത്തെത്തിയിട്ടുണ്ട്.

# ഞെട്ടിച്ച് കോവിഡ് കണക്കുകൾ; രാജ്യത്തെ പ്രതിദിന രോഗബാധിതർ മൂന്നു ലക്ഷം കടന്നു

ന്യൂഡൽഹി: രാജ്യത്തെ പ്രതിദിന കോവിഡ് കണക്ക് മൂന്നു ലക്ഷവും കടന്നു. കഴിഞ്ഞ 24 മണിക്കൂറിനിടെ 3,17,532 പേർക്കാണ് കോവിഡ് സ്ഥിരീകരിച്ചത്. ഇതോടെ ആകെ കോവിഡ് കേസുകളുടെ എണ്ണം 38,218,773 ആയി. ഇതിൽ 9,287 കേസുകൾ ഒമിക്രോൺ വകഭേദവുമാണ്.

കഴിഞ്ഞ ദിവസത്തെ അപേക്ഷിച്ച് 3.63 ശതമാനം വർധനവാണ് ഒമിക്രോൺ കേസുകളിൽ ഉണ്ടായിരിക്കുന്നത്. രാജ്യത്തെ സജീവ കോവിഡ് കേസുകൾ 1,924,051 ആയി ഉയർന്നു. കഴിഞ്ഞ 24 മണിക്കൂറിനിടെ 491 മരണവും സ്ഥിരീകരിച്ചു. ഇതോടെ രാജ്യത്തെ ആകെ മരണസംഖ്യ 4,87,693 ആയി.

പ്രതിദിന പോസിറ്റിവിറ്റി നിരക്ക് 16.41 ശതമാനവും പ്രതിവാര പോസിറ്റിവിറ്റി നിരക്ക് 16.06 ശതമാനവും ആയി ഉയർന്നിട്ടുണ്ട്. രോഗത്തിൽനിന്ന് കരകയറിയവരുടെ എണ്ണം 3,58,07,029 ആയി ഉയർന്നപ്പോൾ കേസിലെ മരണ നിരക്ക് 1.29 ശതമാനാണ്.

# കാർഷിക ബാങ്ക് ആധുനികവൽക്കരണം: റിപ്പോർട്ട് കൈമാറി

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ ആധുനിക വൽക്കരണം പഠിക്കാൻ നിയോഗിച്ച ഉന്നതതല സമിതി റിപ്പോർട്ട് കൈമാറി. സമിതി ചെയർമാൻ ഡോ. ആർ.ശശി കുമാറിന്റെ നേതൃത്വത്തിലുള്ള പഠന സമിതിയാണ് സഹകരണ മന്ത്രി വി.എൻ. വാസവന് റിപ്പോർട്ട് കൈമാറിയത്. 15 ശുപാർശകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറി പി.എസ്. രാജേഷ്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് എംഡി എം. ബിനോയ്കുമാർ, നബാർഡ് റിട്ടയർഡ് ജനറൽ മാനേജർ കെ.റ്റി. ഉമ്മൻ, ധനകാര്യ വകുപ്പ് ഡജോയിന്റ് സെക്രട്ടറി എ.ആർ. ബിന്ദു, തിരുവനന്തപുരം പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ് ഇ.ജി. മോഹൻ, ഇരിട്ടി കാർഷിക ഗ്രാമ വികസന ബാങ്ക് റിക്കവറി ഓഫീസർ പി.കെ.ജയരാജൻ, അഡീഷണൽ രജിസ്ട്രാറും കാർഷിക ഗ്രാമ വികസന ബാങ്ക് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുമായ എസ്. ശ്രീജയ എന്നിവരാണ് ഉന്നതതല സമിതി അംഗങ്ങൾ.

# സംവരണം യോഗ്യതയ്ക്കു തടസമല്ല; മെഡിക്കൽ പ്രവേശനത്തിന് 27% ഒബിസി സംവരണം ശരിവച്ചു

ന്യൂഡൽഹി: സംവരണവും മെറിറ്റും പരസ്പരം മത്സരിക്കുന്ന ഘടകങ്ങൾ അല്ലെന്നു സുപ്രീംകോടതി. ഇന്ത്യയിലെ സാമൂഹിക ഘടനയിൽ തുല്യത അർഥവത്താകണമെങ്കിൽ സംവരണം വഴി പിന്നാക്ക വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പാക്കിയേ തീരൂ എന്നാണ് ഭരണഘടന അനുശാസിക്കുന്നത്.

മറ്റു പിന്നാക്ക വിഭാഗങ്ങൾക്കുള്ള സംവരണം മെറിറ്റ് അടിസ്ഥാനമാക്കിയുള്ള പ്രവേശനത്തിന് പ്രതിബന്ധമല്ല. മത്സരപരീക്ഷകളിലെ മാർക്ക് അനുസരിച്ചു യോഗ്യത തീരുമാനിക്കുന്ന സംവിധാനംതന്നെ പുനഃപരിശോധിക്കപ്പെടേണ്ടതാണെന്നും 106 പേജുള്ള വിധിയിൽ കോടതി വ്യക്തമാക്കി.



മെഡിക്കൽ (യുജി, പിജി) പ്രവേശനത്തിന് 27% ഒബിസി സംവരണം ഏർപ്പെടുത്തിയത് ശരി വച്ചുകൊണ്ടുള്ള വിധിയിലാണ് സുപ്രീംകോടതി ഇക്കാര്യം ചൂണ്ടിക്കാട്ടിയത്. നീറ്റ് പിജി കൗൺസലിംഗിന് അനുമതി നൽകിയ ജനുവരി ഏഴിനും കോടതി ഇക്കാര്യം വ്യക്തമാക്കിയിരുന്നു.

അഖിലേന്ത്യ മെഡിക്കൽ പ്രവേശനത്തിന് 27% ഒബിസി സംവരണം നൽകിയതിൻറെ ഭരണഘടനാ സാധുത വ്യക്തമാക്കി ഇന്നലെ ജസ്റ്റീസുമാരായ ഡി.വൈ. ചന്ദ്രചൂഡ്, എ.എസ്. ബൊപ്പണ്ണ എന്നിവർ ഉൾപ്പെട്ട ബെഞ്ച് വിശദമായ ഉത്തരവിറക്കുകയായിരുന്നു.

# നവകേരളീയം കുടിശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി മാർച്ച് 31 വരെ

നവകേരളീയം കുടിശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ചതായി സഹകരണ മന്ത്രി വി.എൻ. വാസവൻ അറിയിച്ചു. നേരത്തെ ഡിസംബർ 31 വരെയായിരുന്നു കാലാവധി. കോവിഡ് വ്യാപനത്തെ തുടർന്ന് കുടിശിക അടച്ചു തീർക്കാൻ കഴിയാത്ത സാഹചര്യമുണ്ടായെന്ന് വ്യക്തമായ സാഹചര്യത്തിലാണ് ഒറ്റത്തവണ തീർപ്പാക്കൽ കാലാവധി നീട്ടി നൽകിയതെന്നും മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. 2021 ഓഗസ്റ്റ് 16നാണ് പദ്ധതി ആരംഭിച്ചത്. കോവിഡ് പ്രതിസന്ധി കാരണം സെപ്റ്റംബർ 30 ന് അവസാനിക്കേണ്ടിയിരുന്ന പദ്ധതിയുടെ സമയം ദീർഘിപ്പിച്ചിരുന്നു. ഇതു സംബന്ധിച്ച സർക്കുലർ പുറപ്പെടുവിച്ചതായും മന്ത്രി പറഞ്ഞു.

# കോവിഡ് 19: ആശുപത്രി ഡിസ്ചാർജ് പോളിസി പുതുക്കി



സംസ്ഥാനത്ത് ആശുപത്രികളിലെ ഡിസ്ചാർജ് പോളിസി പുതുക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നേരിയ രോഗലക്ഷണം, മിതമായ രോഗലക്ഷണം, ഗുരുതരാവസ്ഥയിലുള്ളവർ എന്നിങ്ങനെ കോവിഡ് രോഗ തീവ്രത അനുസരിച്ചാണ് ഡിസ്ചാർജ് പോളിസി പുതുക്കിയത്. നേരിയ രോഗലക്ഷണമുള്ളവർക്ക് ഡിസ്ചാർജ് ചെയ്യുന്നതിന് റാപ്പിഡ് ആന്റിജൻ ടെസ്റ്റ് നെഗറ്റീവ് ആകണമെന്നില്ല. രോഗ ലക്ഷണങ്ങളുള്ള രോഗികൾ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയത് മുതലോ, ലക്ഷണങ്ങൾ ഇല്ലാത്ത രോഗികൾ കോവിഡ് സ്ഥിരീകരിച്ചതു മുതലോ വീട്ടിൽ 7 ദിവസം നിരീക്ഷണത്തിൽ കഴിയുക. അതോടൊപ്പം മൂന്ന് ദിവസം തുടർച്ചയായി പനി ഇല്ലാതിരിക്കുകയും ചെയ്താൽ ഗൃഹ നിരീക്ഷണം അവസാനിപ്പിക്കാം.

വീട്ടിൽ നിരീക്ഷണത്തിൽ കഴിയുന്ന സമയത്ത് അപായസൂചനകൾ ഉണ്ടോ എന്ന് നിരീക്ഷിക്കണം. ദിവസവും 6 മിനിറ്റ് നടത്ത പരിശോധന (ണമഹസ ലേഠ) നടത്തണം. അപായ സൂചനകൾ കാണുകയോ അല്ലെങ്കിൽവിശ്രമിക്കുമ്പോൾ ഓക്സിജന്റെ അളവ് 94 ശതമാനത്തിൽ കുറവോ അല്ലെങ്കിൽ 6 മിനിറ്റ് നടന്നതിന് ശേഷം ഓക്സിജന്റെ അളവ് ബേസ് ലൈനിൽ നിന്ന് 3 ശതമാനത്തിൽ കുറവോ ആണെങ്കിൽ ടോൾ ഫ്രീ നമ്പറായ ദിശ 104, 1056ലോ, ഡിസ്ചാർജ് ചെയ്ത ആശുപത്രിയിലോ അറിയിക്കുക.

മിതമായ രോഗമുള്ളവരെ ആരോഗ്യനില തൃപ്തികരമാണെങ്കിൽ ഡിസ്ചാർജ് ചെയ്യാവുന്നതാണ്. ശരീരതാപം കുറയ്ക്കുന്ന മരുന്നുകൾ ഉപയോഗിക്കാതെ 72 മണിക്കൂറിനുള്ളിൽ പനി ഇല്ലാതിരിക്കുക, ശ്വാസതടസം കുറയുക, ഓക്സിജൻ ആവശ്യമില്ലാത്ത അവസ്ഥ, സുഗമമായ രക്തചംക്രമണം, അമിതക്ഷീണമില്ലാത്ത അവസ്ഥ തുടങ്ങിയ അവസ്ഥയിൽ വീട്ടിൽ റൂം ഐസൊലേഷനായോ, സി.എഫ്.എൽ.റ്റി.സി.യിലേക്കോ, സി.എസ്.എൽ.റ്റി.സി.യിലേക്കോ ഡിസ്ചാർജ്ജ് ചെയ്യാവുന്നതാണ്.

ഗുരുതര രോഗം, എച്ച്.ഐ.വി പോസിറ്റീവ്, അവയവം സ്വീകരിച്ചവർ, കാൻസർ രോഗികൾ, ഇമ്മ്യൂണോ സപ്രസന്റ്സ് ഉപയോഗിക്കുന്നവർ, ഗുരുതര വൃക്ക, കരൾ രോഗങ്ങളുള്ളവർ തുടങ്ങിയവരെ രോഗലക്ഷണങ്ങൾ തുടങ്ങിയതിനു ശേഷം പതിനാലാം ദിവസം റാപ്പിഡ് ആന്റിജൻ പരിശോധന നടത്തണം. ഫലം നെഗറ്റീവ് ആയാൽ ശരീരതാപം കുറയ്ക്കുന്ന മരുന്നുകൾ ഉപയോഗിക്കാതെ 72 മണിക്കൂറിനുള്ളിൽ പനി ഇല്ലാതിരിക്കുക, ശ്വാസതടസ്സം കുറയുക, ഓക്സിജൻ ആവശ്യമില്ലാത്ത അവസ്ഥ, സുഗമമായ രക്തചംക്രമണം എന്നിങ്ങനെ ആരോഗ്യനില തൃപ്തികരമാണെങ്കിൽ ഡിസ്ചാർജ് ചെയ്യുന്നതാണ്.

ആരോഗ്യ സ്ഥിതി മോശമാണെങ്കിൽ ആശുപത്രിയിലെ ഭൗതിക സൗകര്യങ്ങൾ അനുസരിച്ച് കോവിഡ് ഐസിയുവിലോ നോൺകോവിഡ് ഐസിയുവിലോ പ്രവേശിപ്പിക്കുക. റാപ്പിഡ് ആന്റിജൻ പരിശോധനാഫലം പോസിറ്റീവ് ആണെങ്കിൽ നെഗറ്റീവ് ആകുന്നതു വരെ ഓരോ 48 മണിക്കൂറിലും പരിശോധന നടത്തുകയും നെഗറ്റീവ് ആകുമ്പോൾ ഡിസ്ചാർജ് ആക്കുകയും ചെയ്യും.

നേരിയ രോഗലക്ഷണങ്ങളുള്ളവരെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നപക്ഷം 48 മണിക്കൂറുകൾക്കുള്ളിൽ പനി ഇല്ലാതിരിക്കുകയും, ആരോഗ്യനില തൃപ്തികരമാകുകയും ചെയ്യുകയാണെങ്കിൽ അപായ സൂചനകൾ നിരീക്ഷിക്കുന്നതിനുള്ളനിർദ്ദേശത്തോടുകൂടി വീട്ടിൽ നിരീക്ഷണം നടത്തുന്നതിനായി ഡിസ്ചാർജ് ചെയ്യാം.

ഗുരുതര രോഗികൾക്ക് 14 ദിവസത്തിനു മുൻപായി ആരോഗ്യസ്ഥിതി മെച്ചപ്പെടുകയാണെങ്കിൽ രോഗിയെ സി.എസ്.എൽ.റ്റി.സിയിൽ പ്രവേശിപ്പിക്കാവുന്നതും പതിനാലാംദിവസം അവിടെ നിന്ന് ആന്റിജൻ പരിശോധന നടത്താവുന്നതാണ്. എല്ലാ വിഭാഗത്തിലുമുള്ള ആളുകൾ ഡിസ്ചാർജ് ചെയ്തതിനു ശേഷം അടുത്ത ഏഴ് ദിവസത്തേക്കു കൂടി എൻ 95 മാസ്ക് ധരിക്കുകയും കോവിഡ് മാർഗനിർദേശങ്ങൾ പാലിക്കുകയും ചെയ്യണം. 20 ദിവസങ്ങൾക്കു ശേഷവും ആന്റിജൻ പരിശോധന പോസിറ്റീവ് ആയി തുടരുന്ന രോഗികളുടെ സാമ്പിൾ ജനിതക ശ്രേണീകരണത്തിനായി നൽകണം.

## ഡെപ്യൂട്ടേഷൻ ഒഴിവ്

തിരുവനന്തപുരം സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ 63,7001,23,700 രൂപ ശമ്പള സ്കെയിലിൽ 02.03.2022ൽ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്ന ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ ഒഴിവിലേക്ക് ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് സംസ്ഥാന സർക്കാർ വകുപ്പുകളിൽ അണ്ടർ സെക്രട്ടറി/ സമാന തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും മേലധികാരി മുഖേന നിശ്ചിത പ്രൊഫോർമയിൽ അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമനം നേടിയവരും 63,7001,23,700 രൂപ ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നവരും അംഗീകൃത സർവകലാശാലയിൽ നിന്ന് കലാ, സാഹിത്യം, ചരിത്രം എന്നീ വിഷയങ്ങളിൽ ഏതെങ്കിലുമൊന്നിൽ അൻപത്തിയഞ്ച് ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബിരുദാനന്തര ബിരുദം നേടിയവരുമായിരിക്കണം. അപേക്ഷകൾ ഡയറക്ടർ, സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം, അനന്ത വിലാസം കൊട്ടാരം, ഫോർട്ട് പി.ഒ, തിരുവനന്തപുരം23, ഫോൺ: 04712478193, ഇമെയിൽ വിലാസം: cu-l-tur-e-d-ir-e-c-tor-a-te-c@gm-a-i-l.com എന്ന വിലാസത്തിൽ ഫെബ്രുവരി 11നകം ലഭിക്കണം.

## ഒക്യുപേഷണൽ തെറപിസ്റ്റ്

തിരുവനന്തപുരം മെഡിക്കൽ കോളേജ് ചൈൽഡ് ഡെവലപ്മെന്റ് സെന്ററിലെ ക്ലിനിക്കിൽ ഒക്യുപേഷണൽ തെറപിസ്റ്റിന്റെ ഒരു താത്ക്കാലിക (ഒരു വർഷത്തെ) ഒഴിവുണ്ട്. പ്രതിമാസവേതനം 30,385 രൂപ. ഒക്യുപേഷണൽ തെറപിയിലുള്ള ബാച്ചിലേഴ്സ് ബിരുദമാണ് യോഗ്യത. ഒക്യുപേഷണൽ തെറപിയിലുള്ള ബിരുദാനന്തര ബിരുദം അഭിലഷണീയം. താത്പര്യമുള്ള ഉദ്യോഗാർഥികൾ സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, ബയോഡേറ്റ, എന്നിവയുൾപ്പെടെയുള്ള അപേക്ഷ ഫേബ്രുവരി അഞ്ചിനു വൈകിട്ട് മൂന്നിന് മുമ്പായി സി.ഡി.സിയിൽ ലഭ്യമാക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് www.c-d-c-k-er-a-l-a.or-g യിലോ ഫോൺ: 04712553540 ലോ ബന്ധപ്പെടുക.

## 'കൂൾ' സ്കിൽ ടെസ്റ്റ് ഫലം പ്രഖ്യാപിച്ചു

കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നടപ്പാക്കുന്ന കേരളത്തിലെ ഏറ്റവും വലിയ ഓൺലൈൻ പരിശീലന പദ്ധതിയായ 'കൂൾ' (കൈറ്റ്സ് ഓപ്പൺ ഓൺലൈൻ ലേണിങ്) ന്റെ ഏഴാം ബാച്ചിലെ സ്കിൽടെസ്റ്റ് ഫലം പ്രഖ്യാപിച്ചു. ബാച്ചിലെ 2475 അധ്യാപകരിൽ 2358 പേർ (95.2 ശതമാനം) കോഴ്സ് വിജയിച്ചു. അധ്യാപകരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് 'കൂൾ' കോഴ്സ് വിജയകരമായി പൂർത്തിയാക്കി ലഭിക്കുന്ന സർട്ടിഫിക്കറ്റ് പര്യാപ്തമാണെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള പരിശീലനമാണിത്. വിവിധ ബാച്ചുകളിലായി 15611 അധ്യാപകർ ഇതുവരെ കോഴ്സ് വിജയകരമായി പൂർത്തിയാക്കി. പരീക്ഷാ ഫലം www.k-i-te.k-er-a-l-a.gov.in ൽ ലഭ്യമാണ്.

## അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് അപേക്ഷിക്കാം

മാർച്ച് 2022ൽ ആരംഭിക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് ബന്ധപ്പെട്ട ഐ.ടി.ഐകളിൽ ജനുവരി 25 വരെ അപേക്ഷ സമർപ്പിക്കാം. ഫൈനോടു കൂടി 31 വരെ അപേക്ഷിക്കാൻ അവസരമുണ്ട്. കൂടുതൽ വിവരങ്ങളും അപേക്ഷാ ഫോമും ബന്ധപ്പെട്ട ഗവ. ഐ.ടി.ഐകളിൽ നിന്നും ം.റലേ.സേല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റിലും ലഭിക്കും.

# കോവിഡ് വ്യാപനം: ജനുവരി 23, 30 തീയതികളിൽ അവശ്യ സർവീസുകൾ മാത്രം

നിലവിലെ കോവിഡ് സാഹചര്യത്തിൽ ജനുവരി 23, 30 (ഞായറാഴ്ച) തീയതികളിൽ സംസ്ഥാനത്ത് അവശ്യ സർവീസുകൾ മാത്രം അനുവദിച്ചാൽ മതിയെന്നു മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന കോവിഡ് അവലോകന യോഗം തീരുമാനിച്ചു.

ആശുപത്രികളിൽ അഡ്മിറ്റ് ആകുന്നവരുടെ എണ്ണം കണക്കാക്കി ജില്ലാ അടിസ്ഥാനത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ആരോഗ്യവകുപ്പ് ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്ക് എല്ലാ വ്യാഴാഴ്ചകളിലും നൽകണം. ഇതിന്റെ അടിസ്ഥാനത്തിൽ ദുരന്തനിവാരണ അതോറിറ്റി ജില്ലകളെ എ, ബി, സി എന്നിങ്ങനെ മൂന്നായി തിരിക്കും. എല്ലാ വെള്ളിയാഴ്ചകളിലും ദുരന്തനിവാരണ അതോറിറ്റി ഇത് പ്രഖ്യാപിക്കും.

എ കാറ്റഗറിയിൽ സാമൂഹ്യ, സാംസ്കാരിക, മത സാമുദായിക, രാഷ്ട്രീയ, പൊതു പരിപാടികൾക്കും വിവാഹം, മരണാനന്തര ചടങ്ങുകൾക്കും പരമാവധി 50 പേർക്ക് പങ്കെടുക്കാം.

ബി കാറ്റഗറിയിൽ സാമൂഹ്യ, സാംസ്കാരിക, മത, സാമുദായിക, രാഷ്ട്രീയ, പൊതു പരിപാടികൾ അനുവദിക്കില്ല. മതപരമായ ആരാധനകൾ ഓൺലൈൻ ആയി മാത്രം നടത്തേണ്ടതാണ്. വിവാഹം, മരണാനന്തര ചടങ്ങുകൾക്ക് പരമാവധി 20 ആളുകളെ മാത്രമേ അനുവദിക്കൂ.

സി കാറ്റഗറിയിൽ സാമൂഹ്യ, സാംസ്കാരിക, മത, രാഷ്ട്രീയ, സാമുദായിക, രാഷ്ട്രീയ, പൊതു പരിപാടികൾ അനുവദിക്കില്ല. മതപരമായ ആരാധനകൾ ഓൺലൈൻ ആയി മാത്രം നടത്തണം. വിവാഹം, മരണാനന്തര ചടങ്ങുകൾക്ക് പരമാവധി 20 ആളുകളെ മാത്രമേ അനുവദിക്കൂ.

സിനിമ തീയേറ്ററുകൾ, സ്വിമ്മിംഗ് പൂളുകൾ, ജിമ്മുകൾ എന്നിവയുടെ പ്രവർത്തനം അനുവദിക്കില്ല. ബിരുദബിരുദാനന്തര തലത്തിലെ ഫൈനൽ ഇയർ ക്ലാസ്സുകളും, പത്ത്, പന്ത്രണ്ട് ക്ലാസ്സുകളും ഒഴികെയുള്ള എല്ലാ ക്ലാസ്സുകളും (ട്യൂഷൻ സെന്ററുകൾ ഉൾപ്പെടെ) ഓൺലൈൻ സംവിധാനത്തിലൂടെ മാത്രമേ അനുവദിക്കൂ. റസിഡൻഷ്യൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ബയോബബിൾ മാതൃകയിൽ പ്രവർത്തിക്കുകയാണെങ്കിൽ ഇത് ബാധകമല്ല.

ഇന്നത്തെ(20 ജനുവരി) നില പ്രകാരം എറണാകുളം, ആലപ്പുഴ, കൊല്ലം ജില്ലകളാണ് എ കാറ്റഗറിയിൽ വരുന്നത്. പാലക്കാട്, ഇടുക്കി തിരുവനന്തപുരം, പത്തനംതിട്ട, വയനാട് ജില്ലകളാണ് ബി കാറ്റഗറിയിൽ. സി കാറ്റഗറിയിൽ വരുന്ന ജില്ലകൾ ഇപ്പോൾ ഇല്ല.

സർക്കാർ / സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന രണ്ടു വയസിനു താഴെ പ്രായമുള്ള കുട്ടികളുള്ള അമ്മമാർ, ക്യാൻസർ രോഗികൾ, തീവ്ര രോഗബാധിതർ എന്നിവർക്ക് വർക്ക് ഫ്രം ഹോം സംവിധാനത്തിലൂടെ ജോലി ചെയ്യാൻ അനുവദിക്കും.

ഇവർ ഡോക്ടർമാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. വ്യാപാരസ്ഥാപനങ്ങൾ, മാളുകൾ, ബീച്ചുകൾ, തീം പാർക്കുകൾ ഉൾപ്പെടെയുള്ള വിനോദ സഞ്ചാരകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ആൾക്കൂട്ടം ഉണ്ടാവുന്നില്ലെന്നും കോവിഡ് മാനദണ്ഡം കൃത്യമായി പാലിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഉറപ്പാക്കണം. ഇവിടങ്ങളിൽ നിശ്ചിത മീറ്ററിനകത്ത് സാനിറ്റൈസർ ലഭ്യമാക്കണം.

പുതിയ വകഭേദമായ ഒമിക്രോൺ അതി വേഗതയിലാണു വ്യാപിക്കുന്നതെന്നതിനാൽ സംസ്ഥാനത്ത് നല്ല ജാഗ്രത ഉണ്ടാകണമെന്നു മുഖ്യമന്ത്രി പറഞ്ഞു. രോഗബാധിതർ കൂടുതലും വീടുകളിലാണുള്ളത്. അതിനാൽ ടെലിമെഡിസിൻ വ്യാപകമാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിൽ പ്രധാന പങ്കു വഹിക്കാനാകും. വീടുകളിൽ കഴിയുന്നവർക്ക് ഗൃഹ പരിചരണം ഉറപ്പുവരുത്താൻ ആരോഗ്യപ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. വാർഡ്തല സമിതികൾ വീടുകൾ കേന്ദ്രീകരിച്ച് രോഗികളുടെ സൗകര്യങ്ങൾ ഉറപ്പാക്കണം.

മെഡിക്കൽ കോളേജ് ആശുപത്രികളിൽ പ്രവേശിപ്പിക്കുന്നതിന് കൃത്യമായ മാനദണ്ഡം നിശ്ചയിക്കണം. റഫർ ചെയ്യുന്ന ഗുരുതര രോഗാവസ്ഥയിലുള്ളവരെ മാത്രം പ്രവേശിപ്പിച്ചാൽ മതിയാകും. അവിടെ ഗുരുതര അവസ്ഥയിൽ എത്തുന്നവരെ മുതിർന്ന ഡോക്ടർമാർ കൂടി പരിശോധിക്കണം.

# പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്: വെരിഫിക്കേഷൻ പൂർത്തിയാക്കണം

പട്ടികജാതി വിഭാഗം വിദ്യാർഥികളുടെ ഇഗ്രാന്റ്സ് മുഖേനയുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ലഭിക്കുന്നതിനായി പുതുതായി അപേക്ഷിക്കുന്നതും റിന്യൂവൽ ചെയ്യുന്നതുമായ വിദ്യാർഥികൾ അവരുടെ മൊബൈൽ നമ്പർ, അക്കൗണ്ട് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ജനുവരി 31നകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന വെരിഫിക്കേഷൻ പൂർത്തിയാക്കണമെന്ന് പട്ടികജാതി വികസന വകുപ്പ് ജോയിന്റ് ഡയറക്ടർ അറിയിച്ചു. സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർ സ്ഥാപനങ്ങളിലെ പ്രിൻസിപ്പൽ ലോഗിൻ മുഖേനയും സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നവർ അതത് ജില്ലാ പട്ടികജാതി വികസന ഓഫീസുകൾ മുഖേനയുമാണ് വെരിഫിക്കേഷൻ നടത്തേണ്ടത്. 2021 22 വർഷം മുതൽ സ്കോളർഷിപ്പ് തുകയുടെ 60 ശതമാനം കേന്ദ്ര സർക്കാർ നേരിട്ട് വിദ്യാർഥികളുടെ അക്കൗണ്ടിലേക്ക് നൽകുന്നതിനാൽ അതാത് അധ്യയന വർഷം തന്നെ സ്കോളർഷിപ്പിന് അപേക്ഷിച്ച് അംഗീകാരം വാങ്ങാത്ത വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതല്ല. 202122 വർഷത്തെ സ്കോളർഷിപ്പ് അപേക്ഷിക്കുന്നതിനും റിന്യൂവൽ ചെയ്യുന്നതിനുമുള്ള അവസാന തീയതി 2022 മാർച്ച് 15 ആയിരിക്കും. അതിനു മുമ്പായി 202122 വർഷം സ്കോളർഷിപ്പിന് അർഹതയുള്ള എല്ലാ വിദ്യാർഥികളും സൈറ്റിൽ രജിസ്റ്റർ ചെയ്ത് അംഗീകാരം വാങ്ങിയിരിക്കണം. റിന്യൂവൽ അപേക്ഷകളും ഈ തീയതിക്കു മുമ്പായി സ്ഥാപനങ്ങൾ ഫോർവേഡ് ചെയ്തിരിക്കണം. 2022 മാർച്ച് 15 ന് സൈറ്റ് ക്ലോസ് ചെയ്യുന്നതാണ്. പിന്നീട് അപേക്ഷ സമർപ്പിക്കുവാൻ അവസരമുണ്ടായിരിക്കുന്നതല്ല. 202122 വർഷം മുതൽ വിദ്യാർഥികളുടെ അലവൻസും സ്ഥാപനത്തിന് ഒടുക്കുവാനുള്ള ഫീസും വിദ്യാർഥികളുടെ അക്കൗണ്ടിലേക്കാണ് നൽകുന്നത്. 40% തുക സംസ്ഥാന സർക്കാർ വിദ്യാർഥികളുടെ അക്കൗണ്ടിലേക്ക് നൽകുകയും കേന്ദ്ര വിഹിതം 60 ശതമാനം കേന്ദ്ര സർക്കാർ നേരിട്ട് വിദ്യാർഥികളുടെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്യും. തുക അക്കൗണ്ടിൽ ലഭിച്ച് ഏഴ് ദിവസത്തിനകം വിദ്യാർഥികൾ സ്ഥാപനത്തിനു നൽകുവാനുള്ള തുക സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. സ്ഥാപനത്തിനുള്ള തുകയുടെയും വിദ്യാർഥിക്ക് അർഹമായ തുകയുടെയും വിവരങ്ങൾ സ്റ്റുഡന്റ് പ്രൊഫൈലിലും പ്രിൻസിപ്പൽ ലോഗിനിലും ലഭ്യമാണ്.

എല്ലാ സ്ഥാപന മേധാവികളും ഇക്കാര്യം അതാത് സ്ഥാപനങ്ങളിലെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളെ അറിയിക്കേണ്ടതും അവസാന തീയതിക്കു മുമ്പായി അപേക്ഷ സമർപ്പിക്കുവാനുള്ള നിർദ്ദേശം നൽകേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് അതാത് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടണം.

# സ്റ്റേറ്റ് ആർആർടി അടിയന്തര യോഗം ചേർന്ന് സാഹചര്യം വിലയിരുത്തി

### 12 സംസ്ഥാനതല കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു

സംസ്ഥാനത്ത് കോവിഡ് അതിതീവ്ര വ്യാപനം ഉണ്ടായ സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് റാപ്പിഡ് റെസ്പോൺസ് ടീമിന്റെ അടിയന്തര യോഗം ചേർന്നു. കോവിഡ്, ഒമിക്രോൺ പശ്ചാത്തലത്തിൽ രൂപീകരിച്ച സർവയലൻസ്, ഇൻഫ്രാസ്ടെക്ചർ ആന്റ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, മെറ്റീരിയൽ മാനേജ്മെന്റ്, ട്രാൻസ്പോർട്ടേഷൻ ആന്റ് ഓക്സിജൻ, വാക്സിനേഷൻ മാനേജ്മെന്റ്, പോസ്റ്റ് കോവിഡ് മാനേജ്മെന്റ് തുടങ്ങിയ 12 സംസ്ഥാനതല ആർആർടി കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. മതിയായ ജീവനക്കാരെ നിയോഗിച്ച് സമയബന്ധിതമായി പരിശോധനാ ഫലം ലഭ്യമാക്കണമെന്ന് മന്ത്രി നിർദേശം നൽകി. പരിശോധനാ ഫലം വൈകാതിരിക്കാൻ ജില്ലാതല ടീമിനെ നിയോഗിച്ചിട്ടുണ്ട്. പരിശോധന അടിസ്ഥാനമാക്കി സർവയലൻസ് ശക്തമാക്കും. ഹോസ്പിറ്റൽ സർവയലൻസ്, ട്രാവൽ സർവയലൻസ്, കമ്മ്യൂണിറ്റി സർവയലൻസ് എന്നിവയ്ക്ക് പ്രാധാന്യം നൽകും. വിദഗ്ധ ഗൃഹ പരിചരണം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കാനും മന്ത്രി നിർദേശം നൽകി. സർവയലൻസ് കമ്മിറ്റിയുടെ ഭാഗമായുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ശക്തിപ്പെടുത്തി. ആശുപത്രികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയാണ് ഈ കമ്മിറ്റിയുടെ പ്രധാന ദൗത്യം. കോവിഡ് പോസിറ്റീവായവരുടെ വിവരങ്ങൾ ഈ കമ്മിറ്റി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകും. സ്വകാര്യ ആശുപത്രികളെ കൂടി ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന കോവിഡ് രോഗികളുടെ വാക്സിനേഷൻ അവസ്ഥ, ചികിത്സ, ഡിസ്ചാർജ് തുടങ്ങിയ കാര്യങ്ങളും ഈ കമ്മിറ്റി നിരീക്ഷിക്കുന്നതായിരിക്കും.

ആശുപത്രികളിൽ ഒരുക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങളും ചർച്ചയായി. മൾട്ടി ലെവൽ ആക്ഷൻ പ്ലാൻ അനുസരിച്ച് രോഗികളുടെ എണ്ണം വർധിക്കുന്നതിനനുസരിച്ച് കൂടുതൽ ഫീൽഡ് ആശുപത്രികൾ സജ്ജമാക്കുന്നതാണ്. ആവശ്യമാണെങ്കിൽ ആയുഷ് വകുപ്പ് ജീവനക്കാരുടെ സേവനം കൂടി ഉപയോഗപ്പെടുത്തുന്നതാണ്. സുരക്ഷാ ഉപകരണങ്ങൾക്കും മരുന്നുകൾക്കും ക്ഷാമമില്ല. ഓക്സിജൻ കരുതൽ ശേഖരമുണ്ടെങ്കിലും ഓക്സിജൻ സാഹചര്യം നിരന്തരം നിരീക്ഷിക്കും. കൂടുതൽ ആംബുലൻസ് സൗകര്യം സജ്ജമാക്കും. സംസ്ഥാനത്ത് വാക്സിൻ സ്റ്റോക്കുണ്ട്. പോസ്റ്റ് കോവിഡ് മാനേജ്മെന്റ് ശക്തിപ്പെടുത്തും. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾവരെ പോസ്റ്റ് കോവിഡ് ചികിത്സ ലഭ്യമാണ്. ഒമിക്രോൺ സാഹചര്യത്തിൽ സമയബന്ധിതമായി താഴെത്തട്ടുവരെ പരിശീലനം പൂർത്തിയാക്കണം. ഓരോ ആശാവർക്കർമാരിലും പരിശീലനം എത്തിയെന്ന് ഉറപ്പ് വരുത്തും.


ആശുപത്രി ജീവനക്കാർക്ക് കോവിഡ് പടരാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കണം. ആരോഗ്യ പ്രവർത്തകർക്ക് ബൂസ്റ്റർ ഡോസ് വേഗത്തിൽ നൽകും. ആശുപത്രിയിലെ അണുബാധ നിയന്ത്രണത്തിന് വലിയ പ്രാധാന്യം നൽകണം. പനിയും മറ്റ് കോവിഡ് രോഗ ലക്ഷണങ്ങളുള്ള ആരോഗ്യ പ്രവർത്തകർ കോവിഡ് പരിശോധന നടത്തണം.

ഇ സഞ്ജീവനി ശക്തിപ്പെടുത്തും. രോഗികളുടെ എണ്ണം കൂടിയതിനാൽ കൂടുതൽ ഡോക്ടർമാരെ നിയമിക്കുന്നതാണ്. കോവിഡ് ഒപിയിൽ ദിവസവും 1200 ഓളം പേരാണ് ചികിത്സ തേടുന്നത്. കാത്തിരിപ്പ് സമയം ഒരു മിനിറ്റിൽ താഴെയാക്കും. രോഗികൾക്ക് മാനസിക പിന്തുണ ഉറപ്പാക്കാൻ മാനസികാരോഗ്യ ടീമിനെ കൂടുതൽ ശക്തിപ്പെടുത്തും.

ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങളെ ആർആർടി നിരന്തരം നിരീക്ഷിക്കും. സ്ഥിതിഗതികൾ ദിവസവും അവലോകനം ചെയ്യാനും മന്ത്രി നിർദേശം നൽകി.

ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ, ആരോഗ്യ വകുപ്പ് ജോയിന്റ് സെക്രട്ടറി ഡോ. ശ്രീറാം വെങ്കിട്ടരാമൻ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. വി.ആർ. രാജു, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. എ. റംലാ ബീവി, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# കുതിച്ചുയർന്ന് കോവിഡ്; 46,387 പേർക്ക് കൂടി രോഗം: ടിപിആർ 40.21



തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 46,387 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. തിരുവനന്തപുരം 9720, എറണാകുളം 9605, കോഴിക്കോട് 4016, തൃശൂർ 3627, കോട്ടയം 3091, കൊല്ലം 3002, പാലക്കാട് 2268, മലപ്പുറം 2259, കണ്ണൂർ 1973, ആലപ്പുഴ 1926, പത്തനംതിട്ട 1497, ഇടുക്കി 1441, കാസർഗോഡ് 1135, വയനാട് 827 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 3,20,516 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 3,13,323 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറൻറൈനിലും 7193 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. കഴിഞ്ഞ 24 മണിക്കൂറിനിടെ 1,15,357 സാമ്പിളുകളാണ് പരിശോധിച്ചത്.

1337 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ 1,99,041 കോവിഡ് കേസുകളിൽ, 3 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 32 മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 309 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 51,501 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 172 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 43,176 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 2654 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 385 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 15,388 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 1701, കൊല്ലം 519, പത്തനംതിട്ട 492, ആലപ്പുഴ 437, കോട്ടയം 3300, ഇടുക്കി 369, എറണാകുളം 4216, തൃശൂർ 1072, പാലക്കാട് 476, മലപ്പുറം 652, കോഴിക്കോട് 1351, വയനാട് 142, കണ്ണൂർ 317, കാസർഗോഡ് 344 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 1,99,041 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 52,59,594 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി. വാക്സിനേഷൻ എടുക്കേണ്ട ജനസംഖ്യയുടെ 99.8 ശതമാനം പേർക്ക് ഒരു ഡോസ് വാക്സിനും (2,66,89,763), 83 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും (2,21,29,768) നൽകി. 15 മുതൽ 17 വയസുവരെയുള്ള ആകെ 61 ശതമാനം (9,24,531) കുട്ടികൾക്ക് വാക്സിൻ നൽകി.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാക്സിനേഷൻ/ ദശലക്ഷം ഉള്ള സംസ്ഥാനം കേരളമാണ് (14,02,379). ഇന്നത്തെ റിപ്പോർട്ട് പ്രകാരം, 46,387 പുതിയ രോഗികളിൽ 41,046 പേർ വാക്സിനേഷന് അർഹരായിരുന്നു. ഇവരിൽ 2162 പേർ ഒരു ഡോസ് വാക്സിനും 29,926 പേർ രണ്ടു ഡോസ് വാക്സിനും എടുത്തിരുന്നു. എന്നാൽ 8958 പേർക്ക് വാക്സിൻ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കോവിഡ് വാക്സിനുകൾ ആളുകളെ അണുബാധയിൽ നിന്നും ഗുരുതരമായ അസുഖത്തിൽ നിന്നും സംരക്ഷിക്കുകയും ആശുപത്രി വാസത്തിൻറെയും മരണത്തിൻറെയും സാധ്യത ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു. ജനുവരി 13 മുതൽ 19 വരെയുള്ള കാലയളവിൽ, ശരാശരി 1,09,745 കേസുകൾ ചികിത്സയിലുണ്ടായിരുന്നതിൽ 0.7 ശതമാനം പേർക്ക് മാത്രമാണ് ഓക്സിജൻ കിടക്കകളും 0.6 ശതമാനം പേർക്ക് മാത്രമാണ് ഐസിയുവും ആവശ്യമായി വന്നത്. ഈ കാലയളവിൽ, കഴിഞ്ഞ ആഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പുതിയ കേസുകളിൽ ഏകദേശം 1,01,578 വർധനവ് ഉണ്ടായി. പുതിയ കേസുകളുടെ വളർച്ചാ നിരക്കിൽ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ 204 ശതമാനം വർധനവ് ഉണ്ടായിട്ടുണ്ട്. നിലവിൽ രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ള രോഗികൾ, ആശുപത്രികൾ, ഫീൽഡ് ആശുപത്രികൾ, ഐസിയു, വെന്റിലേറ്റർ, ഓക്സിജൻ കിടക്കകൾ എന്നിവിടങ്ങളിലെ രോഗികളുടെ എണ്ണം എന്നിവ മുൻ ആഴ്ചയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ ആഴ്ചയിൽ യഥാക്രമം 201%, 70%, 126%, 48%, 14% 64% വർധിച്ചിട്ടുണ്ട്.

# കോവിഡ് രോഗികൾക്ക് ഇ സഞ്ജീവനി

കോവിഡ് ബാധിച്ച് ഗൃഹനിരീക്ഷണത്തിൽ കഴിയുന്നവർക്കായി ആരോഗ്യ വകുപ്പിന്റെ ഇസഞ്ജീവനി ഒ.പി.ഡി. ആശുപത്രി സന്ദർശനം ഒഴിവാക്കി ചികിത്സ ലഭ്യമാക്കുന്നതിനുള്ള ആപ്പ് ആണിത്. ഫോൺവഴി കൈമാറുന്ന രോഗലക്ഷണത്തിന് തത്സമയം മരുന്ന് ലഭിക്കുന്നതാണ് സവിശേഷത. സർക്കാർ ആശുപത്രിയിൽ നിന്ന് ഈ സംവിധാനം പ്രയോജനപ്പെടുന്നവർക്ക് സൗജന്യമായി മരുന്ന് കിട്ടും.

24 മണിക്കൂറും സേവനനിരതമാണ് സംവിധാനം. ഗൂഗിൾ പ്ലേ സ്റ്റോർ, ആപ്പിൾ ആപ്പ് സ്റ്റോർ എന്നിവയിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. ജനറൽ ഒ.പി രാവിലെ എട്ട് മുതൽ വൈകിട്ട് എട്ട് വരെയുണ്ടാകും. സ്പെഷ്യാലിറ്റി ഒ.പി. രാവിലെ ഒമ്പത് മുതൽ ഉച്ചയ്ക്ക് ഒരു മണി വരെയും. നിലവിൽ ചികിത്സയിലുള്ളവർക്ക് വിവരങ്ങൾ ആവശ്യമെങ്കിൽ ആപ്പ് വഴി അപ്‌ലോഡും ചെയ്യാം.

രജിസ്റ്റർ ചെയ്യുന്നവർക്ക് അനുയോജ്യമായ ഒ. പി. തിരഞ്ഞെടുക്കാം. വിഡിയോ കോൾ സംവിധാനം പ്രയോജനപ്പെടുത്താം. വിവരങ്ങൾക്ക് ടോൾ ഫ്രീ നമ്പർ 1056. കോവിഡ് സാഹചര്യത്തിൽ സംവിധാനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഡി.എം.ഒ അഭ്യർഥിച്ചു.

# അപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്നയാൾ മരിച്ചു

ആറ്റിങ്ങൽ: അപകടത്തിൽ പരിക്കേറ്റ് ചികത്സയിലായിരുന്നയാൾ മരിച്ചു. ഞായറാഴ്ച വൈകുന്നേരം ചെറുവള്ളിമുക്കിൽ ബൈക്കുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ പരിക്കേറ്റ് ചികത്സയിലായിരുന്ന ഹിദായത്തുള്ള ആണ് മരിച്ചത്.

കഴിഞ്ഞ ദിവസം വൈകുന്നേരം വീട്ടിൽ നിന്നും ആറ്റിങ്ങലിലേക്ക് സഞ്ചരിക്കവേ ചെറുവള്ളിമുക്ക് ജംഗ്ഷനിൽ വച്ചായിരുന്നു അപകടം. എതിർ ദിശയിൽ നിന്നും അമിത വേഗതയിലെത്തിയ ബൈക്ക് ഹിദായത്തുള്ളയുടെ വണ്ടിയിൽ ഇടിക്കുകയായിരുന്നു.

അപകടത്തെ തുടർന്ന് ഹിദായത്തുള്ളയെയും രണ്ട് യുവാക്കളെയും ചിറയിൻകീഴ് ആശുപത്രിയിലും ശേഷം തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. നഗരൂർ സ്വദേശികളായ യുവാക്കൾ സഞ്ചരിച്ചിരുന്ന ബൈക്ക് ആണ് അപകടത്തിൽ പെട്ടത്. ഇവർ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികത്സയിലാണ്.

കിഴുവിലം മംഗ്ലാവിൽ വീട്ടിൽ റാഷിദ് സമീമ ദമ്പതികളുടെ മകനാണ് ഹിദായത്തുള്ള. ഭാര്യ: ജസീന, മകൻ :രണ്ട് വയസുകാരൻ മുഹമ്മദ് അലി. സുഹൃത്തുക്കളോടൊപ്പം പാരിപ്പള്ളിയിൽ പച്ചക്കറി കച്ചവടം നടത്തി വരികയായിരുന്നു ഹിദായത്തുള്ള.

# രാഹുൽ പറഞ്ഞതാണ് വർഗീയത; കോൺ. ന്യൂനപക്ഷ ആരോപണത്തിൽ ഉറച്ച് കോടിയേരി

തിരുവനന്തപുരം: കോൺഗ്രസ് ന്യൂനപക്ഷ നേതാക്കളെ ഒതുക്കുകയാണെന്ന ആരോപണത്തിൽ ഉറച്ച് കോടിയേരി ബാലകൃഷ്ണൻ. ഹിന്ദുക്കളുടെ പാർട്ടിയാണ് കോൺഗ്രസെന്ന രാഹുൽ ഗാന്ധിയുടെ പ്രസംഗത്തെ തള്ളിക്കളയാൻ തയാറുണ്ടോയെന്നും കോടിയേരി ചോദിച്ചു.

എല്ലാക്കാലത്തും കോൺഗ്രസിൽ ന്യൂനപക്ഷ നേതാക്കളുണ്ടായിരുന്നു. മതേതരത്വം കാത്തുസൂക്ഷിക്കാനെന്നാണ് പറഞ്ഞിരുന്നത്. ഇപ്പോൾ കീഴ്വഴക്കം മാറ്റാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കണം. ദേശീയ തലത്തിൽ പോലും കോൺഗ്രസ് ന്യൂനപക്ഷ നേതാക്കളെ ഒതുക്കുകയാണെന്നും കോടിയേരി ആരോപിച്ചു.

കോൺഗ്രസ് നല്ല ഹിന്ദുക്കളുടെ പാർട്ടിയണെന്നാണ് രാഹുൽ ഗാന്ധി പറഞ്ഞത്. ഇതല്ലെ ഏറ്റവും വലിയ വർഗീയത. ഇന്ത്യയിൽ രണ്ട് ഹിന്ദുത്വ പാർട്ടി മതിയെന്ന മോഹൻ ഭാഗവതിന്റെ നിലപാടാണോ രാഹുലിനുള്ളത്. രാഹുൽ ഗാന്ധിയെ തള്ളിക്കളയാൻ കോൺഗ്രസ് തയാറുണ്ടോയെന്നും കോടിയേരി ചോദിച്ചു.

ബിജെപിക്ക് വളമിടാനല്ല ഒറ്റപ്പെടുത്താനാണ് തന്റെ നിലപാടെന്നും കോടിയേരി പറഞ്ഞു.

# അമ്പെയ്ത്ത് പരിശീലനത്തിന് പ്രകൃതീയം ആർച്ചറി ക്ലബ്

നെടുമങ്ങാട് : പാരമ്പര്യ അമ്പെയ്ത്തിനെ സംരക്ഷിക്കാനും, കലാംശങ്ങളെ പ്രോത്സാഹിപ്പിക്കാനുമായി പ്രകൃതീയം ആർച്ചറി ക്ലബ് പ്രവർത്തനം തുടങ്ങി. നെടുമങ്ങാട് മയിലാടുംപാറ കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രകൃതീയം സാംസ്കാരിക കൂട്ടായ്മയാണ് സംഘാടകർ. പരിശീലനത്തിനും വിനോദത്തിനുമായി പ്രകൃതീയം കാമ്പസിൽ വിശാലമായ ആർച്ചറി റേഞ്ചും സ്ഥാപിച്ചിട്ടുണ്ട്. പരമ്പരാഗത അമ്പെയ്ത്തിനെ കുറിച്ച് പഠിക്കാനായി ലോകത്തിന്റെ പല ഭാഗത്തും സഞ്ചരിച്ച ആർച്ചറായ പ്രവീൺ രാമചന്ദ്രൻ ആണ് പിന്നണിയിൽ പ്രവർത്തിക്കുന്നത്. പ്രകൃതീയം ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രസിഡന്റ് ആനന്ദി രാമചന്ദ്രന്റെ നേതൃത്വത്തിലാണ് പ്രവർത്തനം.

കഴിഞ്ഞദിവസം നടന്ന പ്രകൃതീയം വാർഷികാഘോഷത്തിന്റെ ഭാഗമായി ജില്ലയിലെ തെരഞ്ഞെടുത്ത 70 കുട്ടികൾക്ക് സൗജന്യമായി അമ്പെയ്ത്തു ശില്പശാല സംഘടിപ്പിച്ചുകൊണ്ടാണ് പ്രവർത്തനം തുടങ്ങിയത്. അന്തർ സർവകലാശാലാ അമ്പെയ്ത്തു മത്സരങ്ങളിലെ സ്വർണ മെഡൽ ജേതാവ് എസ്. സാന്ദ്ര ക്ലബ് ഉദ്ഘാടനം ചെയ്തു.

താത്പര്യവും അഭിരുചിയുമുള്ള കുട്ടികൾക്കും മുതിർന്നവർക്കുമായി പാരമ്പര്യ അമ്പെയ്ത്തു പരിശീലന കോഴ്സുകൾ പ്രകൃതീയത്തിൽ ഉടൻ തന്നെ ആരംഭിക്കുമെന്നും പാരമ്പര്യ ഗോത്ര അമ്പെയ്ത്തു വിദഗ്ധരായ പരിശീലകരെ ഇതിനായി നിയോഗിക്കുമെന്നും സംഘാടകർ അറിയിച്ചു.

# വിഴിഞ്ഞം കൊലപാതകം: തെളിവെടുപ്പ് തുടരുന്നു; പ്രതികൾ വിറ്റ സ്വർണം വീണ്ടെടുത്തു

വിഴിഞ്ഞം: മുല്ലൂരിൽ അയൽവാസിയായ വീട്ടമ്മ ശാന്തകുമാരിയെ വകവരുത്തിയ ശേഷം കവർന്നെടുത്ത ആഭരണങ്ങളുമായി നാടുവിടുന്നതിനിടയിൽ കൊലയാളികൾ ജ്വല്ലറിയിൽ വിറ്റ സ്വർണാഭരണം പോലീസ് വീണ്ടെടുത്തു. വില്പനക്കായി രണ്ടു പ്രാവശ്യം വിഴിഞ്ഞത്തെ ജ്വല്ലറിയിൽ എത്തിയ അൽ അമീനെ ഇന്നലെ ഉച്ചക്ക് ഒരു മണിയോടെ കടയിൽ എത്തിച്ച് തെളിവെടുപ്പ് നടത്തിയാണ് സ്വർണം വീണ്ടെടുത്തത്.

കൊല നടത്തിയ ശേഷം രാവിലെ പതിനൊന്നോടെ ഓട്ടോയിൽ വിഴിഞ്ഞത്ത് എത്തിയ സംഘം ശാന്തകുമാരിയുടെ അരപവന്റെ മോതിരവും ഒരു പവന്റെ വളയും 45000 രൂപക്ക് വിറ്റിരുന്നു. ഈ സമയം ഷഫീക്ക് ജ്വല്ലറിക്ക് മുന്നിൽ കാത്ത് നിന്നിരുന്നു. കിട്ടിയ പണവുമായി വാഹനത്തിൽ കിഴക്കേക്കോട്ടയിൽ എത്തിയ സംഘം ലോഡ്ജിൽ മുറിയെടുത്ത് വിശ്രമിച്ചു.

തുടർന്ന് ഉച്ചയ്ക്കുശേഷം റഫീക്കയുമായി വീണ്ടും വിഴിഞ്ഞത്ത് എത്തിയ അൽഅമീൻ അരപവന്റെ കമ്മലും അരപവന്റെ മാട്ടിയും ആദ്യം വിറ്റ അതേ ജ്വല്ലറിയിൽ തന്നെ 35000 രൂപക്ക് വിറ്റു.പാലക്കാട് നിന്ന് പത്ത് വർഷങ്ങൾക്ക് മുൻപ് നാടുവിട്ട് വിഴിഞ്ഞത്തിന്റെ പല ഭാഗങ്ങളിൽ താമസിച്ചിരുന്ന അൽഅമീൻ നേരത്തെയും ഈ ജ്വല്ലറിയിൽ നിന്ന് സ്വർണം വാങ്ങുകയും വില്ക്കുകയും ചെയ്തിരുന്നതായി പോലീസ് പറയുന്നു. ഈ പരിചയത്തിലാണ് കൊല നടത്തിയതറിയാതെ ജ്വല്ലറി ഉടമ അൽ അമീനിൽ നിന്ന് സ്വർണം വാങ്ങിയത്. കിട്ടിയ പണം എല്ലാം കൂട്ടി കോഴിക്കോട് ബസിൽ അൽഅമീന്റെ നാട്ടിലേക്ക് മുങ്ങുന്നതിനിടയിലാണ് വിഴിഞ്ഞം പോലീസ് സഹസികമായി പിടികൂടുന്നത്.

ഫോൺ നമ്പർ മാറ്റി നൽകിയെങ്കിലും തലസ്ഥാനത്തൈ പവറ്റ് ബസ് സ്റ്റാൻഡിൽ അൽഅമീൻ യഥാർഥ പേര് തന്നെ നൽകിയതും പോലീസിന് തുണയായി. പല സ്ഥലങ്ങളിലും മാറി മാറി താമസിച്ചിരുന്ന അൽഅമീൻ പോങ്ങുംമൂട്ടിലെ ഒരു ഹോട്ടലിലെ ക്ലീനിംഗ് സ്റ്റാഫായി ജോലി നോക്കിയിരുന്ന ഷഫീക്കുമായുള്ള പരിചയത്തിന്റെ പേരിലാണ് റഫീക്കയുടെ സംഘത്തിൽ കൂടിയത്.

കോവളത്തെ ബാലികയുടെ കൊലപാതകത്തിൽ നേരിട്ട് പങ്കില്ലെങ്കിലും എല്ലാ കാര്യങ്ങളും അൽഅമീന് അറിയാമായിരുന്നുവെന്ന് പോലീസ് കരുതുന്നു.ഇന്നലെ രാവിലെ റഫീക്കയെയും ഷഫീക്കിനെയും സ്റ്റേഷനിൽ കൊണ്ടുവന്നെങ്കിലും ആൾക്കൂട്ടം ഒഴിവാക്കാൻ പോലീസിന്റെ നിരീക്ഷണശേഷം വിഴിഞ്ഞം സ്റ്റേഷൻ ജീപ്പിൽ അൽ അമീനെ മാത്രമാണ് ജ്വല്ലറിയിൽ എത്തിച്ചത്. അര മണിക്കൂർ നീണ്ട തെളിവെടുപ്പിനും സ്വർണം വീണ്ടെടുക്കലിനും ശേഷം പ്രതിയെ സ്റ്റേഷനിലേക്ക് കൊണ്ടുപോയി. നേരത്തെ പല സ്ഥലങ്ങളിലായി മാറിത്താമസിച്ചിരുന്ന സംഘം വീട്ടു സാധനങ്ങൾ ലോറിയിൽ കയറ്റി വാടക വീടുകളിൽ എത്തിച്ചിരുന്നു.

എന്നാൽ മുല്ലൂരിൽ ശാന്തകുമാരിയെ വക വരുത്താൻ നേരത്തെ പദ്ധതിയിട്ടവർ വീട്ടു സാധനങ്ങൾ പലർക്കായി കിട്ടിയ വിലയ്ക്ക് വിറ്റു. ഒരു കട്ടിലും മറ്റു ചില വസ്തുക്കളും ശാന്തകുമാരിക്കും വിലയിട്ടു നൽകി. വില്പന നടത്തിയ വസ്തുക്കൾ കണ്ടുകെട്ടുന്നതിനുള്ള നടപടിയും ഇന്നലെ ഉച്ചമുതൽ പോലീസ് ആരംഭിച്ചു.വിഴിഞ്ഞം സിഐ പ്രജീഷ് ശശിയുടെ മേൽനോട്ടത്തിലായിരുന്നു തെളിവെടുപ്പ്.

# തിരുവനന്തപുരം എൻജിനിയറിംഗ് കോളജ് കോവിഡ് ക്ലസ്റ്ററായി

ശ്രീകാര്യം : കോവിഡ് മൂന്നാം തരംഗം അതിരൂക്ഷമായ തലസ്ഥാന ജില്ലയിൽ തിരുവനന്തപുരം എൻജിനിയറിംഗ് കോളജ് കോവിഡ് ക്ലസ്റ്ററായി. ഒരാഴ്ചയ്ക്കിടെ 393 വിദ്യാർഥികൾക്ക് കോവിഡ് ബാധിച്ചു. 35 ശതമാനമാണ് രോഗ സ്ഥിരീകരണ നിരക്ക്. രണ്ട് വകുപ്പ് തലവൻമാർ അടക്കമുള്ള അധ്യാപകർക്കും കോവിഡ് ബാധിച്ചു. കോവിഡ് വ്യാപനത്തിനിടയിലും പരീക്ഷ നടക്കുന്നുണ്ട്.

അതേസമയം, കഴിഞ്ഞ ദിവസത്തെ കണക്ക് അനുസരിച്ച് ജില്ലയിൽ 12 കോളജുകളിൽ ക്ലസ്റ്റർ രൂപപ്പെട്ടിട്ടുണ്ട്. ഒരാഴ്ചയ്ക്കിടെ ഇത്രയുമധികം കേസുകൾ സ്ഥിരീകരിച്ചതിനെ തുടർന്ന് കോളജ് അടച്ചിട്ടിരിക്കുകയാണ്. ഓഫ്‌ലൈൻ ക്ലാസുകൾ ഒഴിവാക്കി ഓൺലൈൻ ക്ലാസുകൾ മാത്രമാണ് ഇപ്പോൾ നടക്കുന്നത്. എന്നാൽ അതിനിടയിലും പരീക്ഷകൾ നടത്തുന്നുണ്ട്. അധ്യാപകർക്കും മറ്റ് ജിവനക്കാർക്കും കോവിഡ് ബാധിച്ച സാഹചര്യത്തിൽ പരീക്ഷ നടത്തുന്നതിൽ ബുദ്ധിമുട്ടുണ്ടെന്ന് കോളജ് അധികൃതർ പറയുന്നു.

ഃരണ്ടാഴ്ചത്തേക്കെങ്കിലും പരീക്ഷ മാറ്റിവയ്ക്കണമെന്ന അപേക്ഷയും സർവകലാശാലയിൽ നൽകി. പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള ബുദ്ധിമുട്ട് വിദ്യാർഥികളും അറിയിച്ചിട്ടുണ്ട്. പരീക്ഷ മാറ്റിവയ്ക്കുന്നത് സംബന്ധിച്ച അന്തിമ തീരുമാനമെടുക്കേണ്ടത് സർവകലാശാലയാണ്. വലിയ തോതിലുള്ള വ്യാപനമുണ്ടായ പശ്ചാത്തലത്തിൽ പരീക്ഷകൾ മാറ്റിവയ്ക്കുമെന്നാണ് വിദ്യാർഥികളും അധ്യാപകരും പ്രതീക്ഷിക്കുന്നത്.

# ആദിവാസി പെൺകുട്ടികളുടെ മരണം: ശക്തമായ നടപടി ഉണ്ടാകുമെന്ന് റൂറൽ എസ്പി

പാലോട്: ഇടിഞ്ഞാറിലെ ആദിവാസി ഊരുകളായ വിട്ടിക്കാവ്, ഇയ്യക്കോട്, ഒരു പറകരിക്കകം എന്നീ ആദിവാസി ഊരുകളിലെ പ്രായപൂർത്തിയാകാത്ത നാല് പെൺകുട്ടികൾ രണ്ട് മാസത്തിനുള്ളിൽ ആത്മഹത്യ ചെയ്ത സംഭവത്തിൽ പിടികൂടാനുള്ള പ്രതികളെ കുറിച്ചുള്ള അന്വേഷണം ശക്തമാക്കുന്നതിനോടൊപ്പം ആദിവാസി ഊരുകളിലെ ലഹരി മാഫിയയെ നിയന്ത്രിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് റൂറൽ എസ്പി ഡോ.ദിവ്യ വി. ഗോപിനാഥ് പറഞ്ഞു.

കൂടാതെ ഊരിന് പുറത്തു നിന്നുള്ളവരുടെ അനാവശ്യമായ കടന്നുവരവ് നിയന്ത്രിക്കാൻ ശക്തമായ നടപടി പോലീസിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമെന്നും എസ്പി പറഞ്ഞു. അന്വേഷണം ശരിയായ വഴിയിലാണ് നടക്കുന്നതെന്നും ഇനിയുള്ള പ്രതികളെയും പിടികൂടുമെന്നും എസ്പി പറഞ്ഞു.

ഊരുകളിൽ വർധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിനും വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചു ബോധവത്കരണ ക്ലാസുകളും നടത്തുമെന്നും എസ്പി പറഞ്ഞു.

കഴിഞ്ഞ ദിവസം രാവിലെ പതിനൊന്നു മണിയോടെ എസ്പിയുടെ നേതൃത്വത്തിൽ ഉള്ള പോലീസ് സംഘം ആദ്യമെത്തിയത് വിട്ടിക്കാവിലായിരുന്നു. ആത്മഹത്യ ചെയ്ത പെൺകുട്ടിയുടെ വീട്ടിൽ എസ്പി എത്തിയപ്പോൾ മരിച്ച കുട്ടിയുടെ മാതാപിതാക്കൾ വഞ്ചിയൂർ കോടതിയിൽ പോയതിനാൽ ഇവരെ കാണാൻ കഴിഞ്ഞില്ല. തുടർന്ന് ജില്ലാ പഞ്ചായത്ത് മെമ്പർ സോഫി തോമസ്, വാർഡ് മെമ്പർ ഭാസുരാംഗി, ആദിവാസി സംഘടനാ നേതാക്കൾ എന്നിവരോടൊപ്പം നിലവിലെ വിവരങ്ങൾ ആരാഞ്ഞു .തുടർന്ന് ഇയ്യക്കോട് ആദിവാസി ഊരിൽ എത്തിയ എസ്പി യോടും സംഘത്തോടും പെൺകുട്ടികൾ മരിക്കാനിടയായ സംഭവത്തെ കുറിച്ച് ഊരുമൂപ്പന്റെ നേതൃത്വത്തിൽ വിവരങ്ങൾ ധരിപ്പിച്ചു. മെമ്പർ ഷീബാ ഷാനവാസ്, ഊരുമൂപ്പൻ ബാലകൃഷ്ണൻ കാണി, ആദിവാസി ക്ഷേമസമിതി നേതാക്കൾ എന്നിവർ പങ്കെടുത്തു.

ഒരു പറകരിക്കകം ആദിവാസി ഊരിൽ എസ്പി എത്തുമെന്ന് അറിയിച്ചു വെങ്കിലും എത്തിയില്ല.

എസ്പിയോടൊപ്പം നെടുമങ്ങാട് എഎസ്പി രാജ് പ്രസാദ്, പാലോട് സിഐ സി.കെ. മനോജ്, എസ്ഐ നിസാറുദ്ദീൻ, വനം വകുപ്പ് ജീവനക്കാർ, എക്സൈസ് വകുപ്പ് ജീവനക്കാർ തുടങ്ങിയവരും ഉണ്ടായിരുന്നു.

# സ്വകാര്യ ആശുപത്രികളിലെ 50 ശതമാനം കിടക്കകൾ കോവിഡ് രോഗികൾക്കായി നീക്കിവയ്ക്കാൻ ഉത്തരവ്

തിരുവനന്തപുരം: ജില്ലയിലെ കോവിഡ് വ്യാപനം അതി രൂക്ഷമായി തുടരുന്ന പശ്ചാത്തലത്തിൽ കൂടുതൽ ക്രമീകരണങ്ങളുമായി ജില്ലാ ഭരണകൂടം. മെഡിക്കൽ കോളജുകൾ ഉൾപ്പെടെ ജില്ലയിലെ എല്ലാ സ്വകാര്യ സഹകരണ ആശുപത്രികളും 50 ശതമാനം കിടക്കകൾ കോവിഡ് രോഗികൾക്കായി മാറ്റിവെയ്ക്കണമെന്നു നിർദേശിച്ച് ജില്ലാ കളക്ടറുടെ മാർഗനിർഗദേശം പുറത്തിറങ്ങി.

കോവിഡ് വ്യാപനം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത തുടരണമെന്ന് ജില്ലാ കളക്ടർ ഡോ.നവ്ജ്യോത് ഖോസ അറിയിച്ചു. ചെറിയ ലക്ഷണങ്ങളുള്ളവർ പോലും പരിശോധനകൾക്ക് തയാറാകണമെന്നും പൊതു ഇടങ്ങളിലുൾപ്പെടെ കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാൻ പൊതുജനങ്ങൾ ശ്രദ്ധിക്കണമെന്നും ജില്ലാ കളക്ടർ നിർദേശിച്ചു.

സ്വകാര്യ ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിലെ ഓക്സിജൻ, വെന്റിലേറ്റർ സൗകര്യമുള്ള കിടക്കകൾ ഉൾപ്പെടെയുള്ളവ കോവിഡ് ചികിത്സക്കായി മാറ്റിവയ്ക്കാനാണ് നിർദേശം.

എല്ലാ കോവിഡ് ചികിത്സാ കേന്ദ്രങ്ങളും കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് ആൻഡ് സപ്പോർട്ട് യൂണിറ്റുമായി ആശവിനിമയം നടത്തണമെന്നും ബന്ധപ്പെടുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലഫോൺ നന്പർ നൽകണമെന്നും ഉത്തരവിൽ നിർദേശിക്കുന്നു. ഐസിയു വെന്റിലേറ്റർ കിടക്കൾ ഉൾപ്പെടെ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ, കോവിഡ് ബാധിതരായി ആശുപത്രികളിലെത്തുന്നവരുടെ എണ്ണം, ഡിസ്ചാർജ്, റഫർ ചെയ്യുന്ന രോഗികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓരോ നാല് മണിക്കൂർ ഇടവിട്ട് കോവിഡ് ജാഗ്രതാ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യണം. ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ദുരന്തനിവാരണ നിയമം 2005 പ്രകാരം കർശന നടപടി സ്വീകരിക്കുമെന്ന് ഉത്തരവിൽ പറയുന്നു.

# ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ യുവ ശാസ്ത്രജ്ഞ പുരസ്കാരം പ്രഖ്യാപിച്ചു

ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ സംസ്ഥാന യുവ ശാസ്ത്രജ്ഞ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കൊച്ചി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലെ ബയോകെമിസ്ട്രി ആൻഡ് ന്യൂട്രിഷ്യൻ ഡിവിഷനിലെ ശാസ്ത്രജ്ഞൻ ഡോ. നിലാദ്രി ശേഖർ ചാറ്റർജി, വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആൻഡ് ടെക്നോളജിയിലെ ഏവിയോണിക്സ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. സി.എസ്. അനൂപ്, എർത്ത് ആൻഡ് സ്പേസ് സയൻസ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. എ.എം. റമിയ, പാലക്കാട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ മാത്തമാറ്റിക്സ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. സി.ആർ. ജയനാരായണൻ എന്നിവർക്കാണു പുരസ്കാരം. ശാസ്ത്ര സാങ്കേതിക മേഖലകളിൽ ശ്രദ്ധേയ ഗവേഷണ നേട്ടങ്ങൾ കൈവരിക്കുന്നവർക്കാണ് യുവ ശാസ്ത്രജ്ഞ പുരസ്കാരം നൽകുന്നത്.

പുരസ്കാര ജേതാക്കൾക്ക് 50,000 രൂപ ക്യാഷ് അവാർഡും മുഖ്യമന്ത്രിയുടെ സ്വർണ മെഡലും നിർദേശിക്കപ്പെടുന്ന പ്രൊജക്ടുകൾക്കായി 50 ലക്ഷം രൂപ വരെയുള്ള ധനസഹായവും ലഭിക്കും. ഒരു അന്തർദേശീയ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനുള്ള യാത്രാ സഹായവും നൽകും. ഫെബ്രുവരി 10ന് തിരുവനന്തപുരം മാർ ഇവാനിയോസ് കോളജിൽ നടക്കുന്ന സയൻസ് കോൺഗ്രസിൽ മുഖ്യമന്ത്രി ജേതാക്കൾക്കു പുരസ്കാരങ്ങൾ വിതരണം ചെയ്യും.

# സ്പെഷ്യൽ സ്കൂൾ പാക്കേജ് അപേക്ഷ ക്ഷണിച്ചു

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്കായി 201920 മുതൽ നടപ്പിലാക്കിവരുന്ന പ്രത്യേക പാക്കേജ് (സ്പെഷ്യൽ സ്കൂൾ പാക്കേജ്) 2021 22 വർഷം മുതൽ ഓൺലൈൻ മുഖേന നടപ്പിലാക്കുകയാണ്. ഇതിനായി 'ടജഋഇകഅഘ ടഇ ഒഛഛഘ ജഛഞഠഅഘ' എന്ന ഓൺലൈൻ സംവിധാനം രൂപകൽപന ചെയ്തിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിൽ നിന്നോ, പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നോ രജിസ്ട്രേഷൻ ലഭ്യമായിട്ടുള്ള സ്പെഷ്യൽ സ്കൂളുകൾക്കാണ് പ്രത്യേക പാക്കേജ് പ്രകാരം അപേക്ഷിക്കുന്നതിന് അർഹതയുള്ളത്.

202122 വർഷത്തെ പാക്കേജിനായി അതാത് സ്കൂൾ മേധാവികൾ h-ttp://www.sspor-ta-l.k-er-a-l-a.gov.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിക്കണം. അവസാന തീയതി ജനുവരി 27.

# മൂന്നു വർഷത്തെ സ്ഥിരനിക്ഷേപം; നികുതിയിളവിനു സാധ്യത

ന്യൂഡൽഹി: ബാങ്കുകളിലെ മൂന്നുവർഷത്തെ സ്ഥിരനിക്ഷേപങ്ങൾക്ക് (എഫ്ഡി) നികുതി ഇളവു നൽകിയേക്കും.

ജനപ്രിയ സന്പാദ്യ ഉത്പന്നമായ മൂന്നു വർഷത്തെ സ്ഥിരനിക്ഷേപങ്ങൾക്കു നികുതിയിളവു നൽകാൻ ബാങ്കിംഗ് വ്യവസായം കേന്ദ്ര സർക്കാരിനോട് അഭ്യർഥിച്ചി രുന്നു. അഞ്ചു വർഷത്തെ എഫ്ഡികൾക്ക് ഇപ്പോൾ നികുതി ഇളവുകൾ ലഭിക്കുന്നുണ്ട്. ഫെബ്രുവരി ഒന്നിനാണു കേന്ദ്ര ബജറ്റ്.

ക്രിപ്റ്റോ കറൻസികൾ വാങ്ങുന്പോഴും വിൽക്കുന്പോഴും സ്രോതസിൽനിന്നു നികുതി ഈടാക്കാനുള്ള (ടിഡിഎസ്/ ടിസിഎസ് ഉറവിടത്തിൽനിന്നു നികുതി കിഴിക്കലോ, ഈടാക്കലോ) പ്രഖ്യാപനവും കേന്ദ്രം ആലോചിക്കുന്നുണ്ട്.

ഇതേസമയം, കോവിഡിന്റെയും സാന്പത്തിക തളർച്ചയുടെയും പഞ്ചാത്തലത്തിൽ സാധാരണക്കാർ, കർഷകർ, തൊഴിലാളികൾ, ചെറുകിട നാമമാത്രപരന്പരാഗത വ്യവസായികൾ, കച്ചവടക്കാർ എന്നിവർക്ക് വലിയതോതിലുള്ള സാന്പത്തിക ആശ്വാസ, ക്ഷേമ പദ്ധതികൾ വേണമെന്ന ആവശ്യം ശക്തമാണ്. എന്നാൽ, വൻകിട കോർപറേറ്റുകൾക്കും വ്യവസായ, വാണിജ്യ കന്പനികൾക്കും വീണ്ടും കൂടുതൽ ആനുകൂല്യം നൽകുമെന്നാണു സൂചന.

കാർഷിക മേഖലയിലും വ്യവസായികളുടെ താത്പര്യങ്ങൾക്കു മുൻഗണന നൽകുന്നതാണു കർഷകരെ കൂടുതൽ തളർത്തുന്നത്. റബർ, കുരുമുളക്, ഏലം അടക്കമുള്ള കാർഷികോത്പന്നങ്ങൾക്കു ന്യായവില ഉറപ്പാക്കാൻ കേന്ദ്രം സാന്പത്തിക സഹായ പദ്ധതി നടപ്പാക്കണമെന്ന് ആവശ്യമുണ്ടെങ്കിലും പലപ്പോഴും അവഗണിക്കപ്പെടുകയാണ്.

# നോളജ് ഇക്കണോമി മിഷൻ തൊഴിൽ മേള

കേരള നോളജ് ഇക്കണോമി മിഷൻ (കെ.കെ.ഇ.എം) വെർച്ച്യുൽ തൊഴിൽ മേളയുടെ ഒന്നാം സീസൺ ജനുവരി 21 മുതൽ 27 വരെ നടക്കും. ഓൺലൈനായി സംഘടിപ്പിക്കുന്ന മേളയിൽ പതിനായിരത്തിലധികം തൊഴിൽ അവസരങ്ങളാണുള്ളത്. കേരള നോളഡ്ജ് ഇക്കളോമി മിഷന്റെ ംംം.സീംഹലറഴലാശശൈീ.സലൃമഹമ.ഴീ.ശി ൽ രജിസ്റ്റർ ചെയ്തു ജോബ് ഫെയറിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിലൂടെ അറിയാം.

# വാക്സിൻ വിരോധി ഗായിക കോവിഡ് വിളിച്ചുവരുത്തി, രോഗം ബാധിച്ച് മരിച്ചു

പ്രാഗ്: പൊതുപരിപാടികളിൽ പങ്കെടുക്കുന്നതിന് മനപൂർവം കോവിഡ് വരുത്തിവച്ച ചെക് ഗായിക മരിച്ചു. വാക്സിൻ വിരുദ്ധ നിലപാടുള്ള ഗായിക ഹന ഹോർകയാണ് (57) കോവിഡ് ബാധിച്ച് മരിച്ചത്. അസോണൻസ് ബാൻഡിലെ ഗായികയാണ് ഹന.

ക്രിസ്മസിന് മുമ്പ് ഭർത്താവും മകനും വാക്സിൻ എടുത്തപ്പോൾ അവർ രോഗം മനപൂർവം വരുത്തി. വാക്സിനേഷൻ എടുക്കുന്നതിനേക്കാൾ രോഗം പിടിപെടുന്നതാണ് നല്ലതെന്നായിരുന്നു ഇവരുടെ തീരുമാനം.

ചെക്ക് റിപബ്ലിക്കിൽ പൊതു പരിപാടികളിൽ പങ്കെടുക്കുന്നതിനും യാത്രകൾക്കും ബാറുകളും റെസ്റ്റോറന്റുകളും സന്ദർശിക്കുന്നതിനും രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചതിന്റെ സർട്ടിഫിക്കറ്റോ അടുത്തിടെ കോവിഡ് വന്നു മാറിയതിന്റെ രേഖയോ വേണം. വാക്സിൻ വിരോധിയായ ഹന അവ സ്വീകരിക്കാൻ തയാറാകാതെ കോവിഡ് രോഗം വരുത്തിവയ്ക്കുകയായിരുന്നു. താൻ കോവിഡിനെ അതീജീവിച്ചെന്നും അൽപ്പം തീവ്രമായിരുന്നുവെന്നും മരിക്കുന്നതിന് രണ്ടുദിവസം മുമ്പ് ഹന ടിീറ്റ് ചെയ്തിരുന്നു. പൊതുപരിപാടികളിൽ പങ്കെടുക്കാനുള്ള ആഗ്രഹവും അവർ പ്രകടിപ്പിച്ചിരുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.